## 2024 ഇന്റർനാഷണൽ ചൈനീസ് സ്പീക്കിംഗ് കോൺഫറൻസ്

## നീതിയുടെ കിരീടമായി
## ക്രിസ്തുവിന്റെ പ്രതിഫലം പ്രാപിക്കുന്നതിനായി
## നല്ല പോർ പൊരുതുകയും, ഓട്ടം തികയ്ക്കുകയും, വിശ്വാസം കാക്കുകയും, കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുകയും ചെയ്യുക

## ദൂത് രണ്ട്

## ഓട്ടം തികയ്ക്കുക

CC, LH *Hymns*: ML175

വേദഭാഗം: 2 തിമൊ. 4:7; പ്രവൃ. 20:24; 1 കൊരി. 9:24-26; എബ്രാ. 12:1-2

2 Tim. 4:7b ...ഓട്ടം തികച്ചു;...

Acts. 20:24 എന്നാൽ എന്റെ ഓട്ടവും, ദൈവകൃപയുടെ സുവിശേഷം ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുവാൻ കർത്താവായ യേശുവിൽനിന്നു ലഭിച്ച ശുശ്രൂഷയും തികയ്ക്കേണ്ടതിന്, എന്റെ ജീവനെ എനിക്കുതന്നെ വിലയേറിയതായി ഞാൻ കരുതുന്നില്ല.

1 Cor. 9:24 ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാം ഓടുന്നെങ്കിലും ഒരുവനേ സമ്മാനം ലഭിക്കുന്നുള്ളൂ എന്ന് നിങ്ങൾ അറിയുന്നില്ലയോ? നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഓടുവിൻ.

1 Cor. 9:25 മത്സരിക്കുന്ന ഏവനും സകല കാര്യങ്ങളിലും ആത്മനിയന്ത്രണം അഭ്യസിക്കുന്നു; അവർക്ക് നശ്വരമായ കിരീടവും, നമുക്ക് അനശ്വരമായതും ലഭിക്കേണ്ടതിനു തന്നെ.

1 Cor. 9:26 അതുകൊണ്ട് വ്യക്തമായ ലക്ഷ്യം ഇല്ലാത്തവനെപ്പോലെ അല്ല ഞാൻ ഓടുന്നത്; വായുവിനെ അടിക്കുന്നതു പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്;

Heb. 12:1 അതുകൊണ്ട് നാമും, സാക്ഷികളുടെ ഇത്ര വലിയോരു മേഘം നമുക്കു ചുറ്റും ഉള്ളതുകൊണ്ട്, സകല ഭാരവും നമ്മെ അനായാസം കുരുക്കുന്ന പാപവും നീക്കിയിട്ട് നമുക്കു മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുതയോടെ ഓടുക,

Heb. 12:2b നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, ...

### I. "ഞാൻ ഓട്ടം തികച്ചു"—2 തിമൊ. 4:7:

A. കർത്താവ് അവനെ കൈവശപ്പെടുത്തിയതിനുശേഷം പൗലൊസ് സ്വർഗീയ ഓട്ടം ഓടുവാൻ തുടങ്ങുകയും, അത് പൂർത്തിയാക്കുന്നതിന് (പ്രവൃത്തി. 20:24) അവൻ തുടർച്ചയായി ഓടുകയും ചെയ്തു (1 കൊരി. 9:24-26; ഫിലി. 3:12-14).

1 Cor. 9:24 ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാം ഓടുന്നെങ്കിലും ഒരുവനേ സമ്മാനം ലഭിക്കുന്നുള്ളൂ എന്ന് നിങ്ങൾ അറിയുന്നില്ലയോ? നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഓടുവിൻ.

1 Cor. 9:25 മത്സരിക്കുന്ന ഏവനും സകല കാര്യങ്ങളിലും ആത്മനിയന്ത്രണം അഭ്യസിക്കുന്നു; അവർക്ക് നശ്വരമായ കിരീടവും, നമുക്ക് അനശ്വരമായതും ലഭിക്കേണ്ടതിനു തന്നെ.

1 Cor. 9:26 അതുകൊണ്ട് വ്യക്തമായ ലക്ഷ്യം ഇല്ലാത്തവനെപ്പോലെ അല്ല ഞാൻ ഓടുന്നത്; വായുവിനെ അടിക്കുന്നതു പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്;

Phil. 3:12 നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളു.

Phil. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

Phil. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

Acts. 20:24 എന്നാൽ എന്റെ ഓട്ടവും, ദൈവകൃപയുടെ സുവിശേഷം ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുവാൻ കർത്താവായ യേശുവിൽനിന്നു ലഭിച്ച ശുശ്രൂഷയും തികയ്ക്കേണ്ടതിന്, എന്റെ ജീവനെ എനിക്കുതന്നെ വിലയേറിയതായി ഞാൻ കരുതുന്നില്ല.

B. ഇപ്പോൾ അവസാനം അവൻ ജയോത്സവമയി പ്രഖ്യാപിച്ചു, "ഞാൻ ഓട്ടം തികച്ചു" (2 തിമൊ. 4:7); ഇതിനായി അവൻ കർത്താവിൽനിന്നും ഒരു പ്രതിഫലം സ്വീകരിക്കും—നീതിയുടെ കിരീടം (വാ. 8).

2 Tim. 4:8 ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ.

**II. ശരിയായ ഒരു ക്രിസ്തീയ ജീവിതത്തിൽ ദൈവത്തിന്റെ നിത്യോദ്ദേശ്യമനുസരിച്ച് അവന്റെ വ്യവസ്ഥ നിർവഹിക്കുന്നതിനുവേണ്ടി ഓട്ടം ഓടുന്നതും ഓട്ടം തികയ്ക്കുന്നതും ഉൾപ്പെടുന്നു - 1 കൊരി. 9:24; എഫെ. 1:11; 3:11:**

1 Cor. 9:24 ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാം ഓടുന്നെങ്കിലും ഒരുവനേ സമ്മാനം ലഭിക്കുന്നുള്ളൂ എന്ന് നിങ്ങൾ അറിയുന്നില്ലയോ? നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഓടുവിൻ.

Eph. 1:11 തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

Eph. 3:11 നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിവാക്കേണ്ടതിനാകുന്നു,

A. കർത്താവ് നമുക്കുവേണ്ടി നിയോഗിച്ചിരിക്കുന്ന യാത്ര നാം അന്വേഷിക്കുകയും, അവസാനം എത്തുന്നതുവരെ പൂർണ്ണഹൃദയത്തോടെ നമ്മുടെ യാത്ര തുടരുവാൻ എന്തു വിലയും കൊടുത്തുകൊണ്ട് വിശ്വസ്തതയോടെ അതിൽ നടക്കുകയും വേണം—2 തിമൊ. 4:7.

2 Tim. 4:7 ...ഓട്ടം തികച്ചു;...

B. കർത്താവ് നമുക്കായി നിശ്ചയിച്ചിട്ടുള്ള യാത്ര, നാം എല്ലാവരും ഓടുന്ന ഓട്ടമാണ്—എബ്രാ. 12:1.

Heb. 12:1 അതുകൊണ്ട് നാമും, സാക്ഷികളുടെ ഇത്ര വലിയോരു മേഘം നമുക്കു ചുറ്റും ഉള്ളതുകൊണ്ട്, സകല ഭാരവും നമ്മെ അനായാസം കുരുക്കുന്ന പാപവും നീക്കിയിട്ട് നമുക്കു മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുതയോടെ ഓടുക,

C. “നമുക്കു മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുതയോടെ ഓടണം”—വാ. 1:

1. അപ്പൊസ്തലനായ പൗലൊസിനെപ്പോലെ, സമ്മാനം നേടുന്നതിന്, സാധാരണ അർഥത്തിലുള്ള രക്ഷയല്ല, പ്രത്യുത ഒരു സവിശേഷാർഥത്തിലുള്ള ഒരു പ്രതിഫലം നേടുന്നതിന്, എല്ലാ ക്രിസ്ത്യാനികളും ഓട്ടം ഓടണം—10:35; 1 കൊരി. 3:14-15; 9:26-27; ഫിലി. 3:13-14.

Heb. 10:35 അതുകൊണ്ട് വലിയ പ്രതിഫലമുള്ള നിങ്ങളുടെ ധൈര്യത്തെ തള്ളിക്കളയരുത്.

1 Cor. 3:14 അടിസ്ഥാനത്തിന്മേൽ പണിത ആരുടെയെങ്കിലും വേല നിലനിന്നാൽ, അവന് പ്രതിഫലം ലഭിക്കും;

1 Cor. 3:15 ആരുടെയെങ്കിലും വേല വെന്തുപോയാൽ, അവന് നഷ്ടമുണ്ടാകും, അവൻ രക്ഷിക്കപ്പെടും, എങ്കിലും തീയിലൂടെ എന്നപോലെയത്രേ.

1 Cor. 9:26 അതുകൊണ്ട് വ്യക്തമായ ലക്ഷ്യം ഇല്ലാത്തവനെപ്പോലെ അല്ല ഞാൻ ഓടുന്നത്; വായുവിനെ അടിക്കുന്നതു പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്;

1 Cor. 9:27 എന്നാൽ മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഒരുപക്ഷേ ഞാൻതന്നെ നിരാകരിക്കപ്പെട്ടവൻ ആയിത്തീരാതിരിക്കേണ്ടതിന്, ഞാൻ എന്റെ ശരീരത്തെ പ്രഹരമേൽപ്പിച്ച് അതിനെ എന്റെ അടിമയാക്കുന്നു.

Phil. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

Phil. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

2. സഹിഷ്ണുതയോടെ എതിർപ്പിനെ സഹിച്ചുകൊണ്ട് സഹിഷ്ണുതയോടെ നാം ഓട്ടം ഓടണം—എബ്രാ. 12:2-3.

Heb. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

Heb. 12:3 നിങ്ങളുടെ ദേഹിയിൽ തളർന്ന്, മടുത്തുപോകാതിരിക്കേണ്ടതിന്, തനിക്കുനേരെ പാപികളാൽ ഇങ്ങനെയുള്ള വൈരുദ്ധ്യം സഹിച്ചവനെ തുലനം ചെയ്യുക.

D. "നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും തികയ്ക്കുന്നവനുമായ യേശുവിങ്കലേക്കു നോക്കിക്കൊണ്ട്" നാം ക്രിസ്തീയ ഓട്ടം ഓടുന്നു—വാ. 2:

1. യേശു വിശ്വാസത്തിന്റെ കാരണഭൂതനും, ആരംഭകനും, തുടക്കമിടുന്നവനും, സ്രോതസ്സും, കാരണവും ആകുന്നു—വാ. 2:

Heb. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ

തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

a. വിശ്വാസികളുടെ വിശ്വാസം വാസ്തവത്തിൽ അവരുടെ സ്വന്തം വിശ്വാസമല്ല, മറിച്ച് അവരുടെ വിശ്വാസമായിരിക്കുവാൻ അവരിലേക്ക് പ്രവേശിക്കുന്ന ക്രിസ്തു ആണ്—റോമ. 3:22; ഗലാ. 2:16.

Rom. 3:22 വിശ്വസിക്കുന്നവർക്കെല്ലാം യേശു ക്രിസ്തുവിന്റെ വിശ്വാസത്തിലൂടെയുള്ള ദൈവത്തിന്റെ നീതിയെ തന്നെ, ഒരു വ്യത്യാസവുമില്ല;

Gal. 2:16 ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ അല്ല, യേശു ക്രിസ്തുവിലുള്ള വിശ്വാസത്താലത്രേ ഒരു മനുഷ്യൻ നീതീകരിക്കപ്പെടുന്നത് എന്നറിഞ്ഞു കൊണ്ട്, നാമും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ അല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ക്രിസ്തു യേശുവിലേക്ക് വിശ്വസിച്ചു, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ലല്ലോ.

b. നമ്മുടെ വിശ്വാസം ക്രിസ്തുവിന്റെ ആകർഷണത്തോടുള്ള ഒരു പ്രതികരണമെന്ന നിലയിൽ അവനോടുള്ള നമ്മുടെ വിലമതിപ്പാണ്—റോമ. 10:17.

Rom. 10:17 അതുകൊണ്ട് വിശ്വാസം കേൾവിയിൽ നിന്നും, കേൾവി ക്രിസ്തുവിന്റെ വചനത്തിലൂടെയും വരുന്നു.

c. മറ്റെല്ലാ വസ്തുക്കളിൽനിന്നും തിരിഞ്ഞ് അവിഭാജ്യ ശ്രദ്ധയോടെ നാം യേശുവിങ്കലേക്ക് നോക്കേണ്ടതാവശ്യമാണ്—എബ്രാ. 12:1-2; ഉത്തമ. 1:4; സങ്കീ. 27:4.

Heb. 12:1 അതുകൊണ്ട് നാമും, സാക്ഷികളുടെ ഇത്ര വലിയോരു മേഘം നമുക്കു ചുറ്റും ഉള്ളതുകൊണ്ട്, സകല ഭാരവും നമ്മെ അനായാസം കുരുക്കുന്ന പാപവും നീക്കിയിട്ട് നമുക്കു മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുതയോടെ ഓടുക,

Heb. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

S. S. 1:4 നിന്റെ പിന്നാലെ എന്നെ വലിക്ക; നാം ഓടിപ്പോക; രാജാവു എന്നെ പള്ളിയറകളിലേക്കു കൊണ്ടുവന്നിരിക്കുന്നു; ഞങ്ങൾ നിന്നിൽ ഉല്ലസിച്ചാനന്ദിക്കും; നിന്റെ പ്രേമത്തെ വീഞ്ഞിനെക്കാൾ ശ്ലാഘിക്കും; നിന്നെ സ്നേഹിക്കുന്നതു ഉചിതം തന്നേ.

Psa. 27:4 ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു

തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ..

d. നാം യേശുവിങ്കലേക്ക് നോക്കുമ്പോൾ, ജീവൻ-നൽകുന്ന ആത്മാവെന്ന നിലയിൽ (1 കൊരി. 15:45) അവൻ അവനെക്കൊണ്ടുതന്നെ, അവന്റെ വിശ്വസിക്കുന്ന മൂലകത്തെക്കൊണ്ട്, നമ്മെ നിവേശിപ്പിക്കുന്നു.

1 Cor. 15:45b ...ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു..

2. വിശ്വാസം എന്നത് സാരാംശീകരിക്കുന്ന ഒരു കഴിവ്, കാണുവാൻ കഴിയാത്തതോ പ്രത്യാശിക്കാത്തതോ ആയ കാര്യങ്ങളെ നാം സാരാംശീകരിക്കുന്ന കഴിവ്, ആണ്—എബ്രാ. 11:1:

Heb. 11:1 വിശ്വാസം എന്നത് പ്രത്യാശിക്കുന്ന കാര്യങ്ങളുടെ സാരാംശീകരണം, കാണാത്ത കാര്യങ്ങളുടെ ബോധ്യപ്പെടൽ ആകുന്നു.

a. നാം കർത്താവിൽനിന്ന് അനുഭവിച്ച കാര്യങ്ങൾ വിശ്വസിക്കുവാനും സംസാരിക്കുവാനും നമ്മുടെ വിശ്വാസത്തിന്റെ ആത്മാവിനെ, നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിനെ, നാം പ്രയോഗിക്കണം—2 കൊരി. 4:13.

2 Cor. 4:13 "ഞാൻ വിശ്വസിച്ചു അതുകൊണ്ട് ഞാൻ സംസാരിച്ചു," എന്ന് എഴുതിയിരിക്കുന്നതുപ്രകാരം വിശ്വാസത്തിന്റെ അതേ ആത്മാവ് ഉണ്ടായിട്ട്, ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ട് ഞങ്ങളും സംസാരിക്കുന്നു.

b. വിശ്വാസം നമ്മുടെ ആത്മാവിലാണ്, അത് പരിശുദ്ധാത്മാവുമായി ഇഴുകിച്ചേർന്നിരിക്കുന്നു—1 കൊരി.. 6:17.

1 Cor. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

3. കാണാത്തവയെ അല്ല, കാണുന്നവയെ നാം പരിഗണിക്കുകയോ നോക്കുകയോ ചെയ്യുന്നില്ല; കാരണം, കാണുന്നവ താൽക്കാലികമാണ്, എന്നാൽ കാണാത്തവ നിത്യമാണ്—2 കൊരി. 4:18:

2 Cor. 4:18 എന്തുകൊണ്ടെന്നാൽ ഞങ്ങൾ കാണുന്നവയെ അല്ല കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു.

a. ക്രിസ്തീയ ജീവിതം കാണാത്ത കാര്യങ്ങളുടെ ഒരു ജീവിതമാണ്—റോമ. 8:24-25; എബ്രാ. 11:27; 1 പത്രൊ. 1:8; ഗലാ. 6:10.

Rom. 8:24 പ്രത്യാശയിലത്രേ നാം രക്ഷിക്കപ്പെട്ടത്. എന്നാൽ കാണുന്ന പ്രത്യാശ പ്രത്യാശയല്ല, താൻ കാണുന്നതിനെ ആർ പ്രത്യാശിക്കുന്നു?

Rom. 8:25 എന്നാൽ നാം കാണാത്തതിനുവേണ്ടി പ്രത്യാശിക്കുന്നു എങ്കിൽ, നാം സഹിഷ്ണുതയാൽ പ്രതീക്ഷയോടെ അതിനെ കാത്തിരിക്കുന്നു.

Heb. 11:27 വിശ്വാസത്താൽ അവൻ, അദൃശ്യനായവനെ കാണുന്നവനെപ്പോലെ സ്ഥിരതപൂണ്ട്, രാജാവിന്റെ ക്രോധം ഭയപ്പെടാതെ മിസ്രയീം വിട്ടു.

1 Pet. 1:8 അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

Gal. 6:10 അതുകൊണ്ട് അവസരം ഉള്ളതുപോലെ നാം എല്ലാവർക്കും, വിശേഷാൽ വിശ്വാസത്തിന്റെ ഭവനക്കാർക്ക് നന്മ ചെയ്യുക.

b. സഭയുടെ അധഃപതനം കാണാത്ത കാര്യങ്ങളിൽനിന്നും കാണുന്നതിലേക്കുള്ള അധഃപതനമാണ്; കാണുന്നതിൽനിന്നും കാണാത്തവയിലേക്ക് അവന്റെ സഭയെ പ്രത്യുദ്ധരിക്കുക എന്നതാണ് കർത്താവിന്റെ പ്രത്യുദ്ധാരം—യോഹ. 20:25; 2 കൊരി. 5:7; റോമ. 8:24-25; 1 പത്രൊ. 1:8.

John. 20:25 അതുകൊണ്ട് മറ്റ് ശിഷ്യന്മാർ അവനോട്, ഞങ്ങൾ കർത്താവിനെ കണ്ടിരിക്കുന്നു! എന്നു പറഞ്ഞു. എന്നാൽ അവൻ അവരോട് , അവന്റെ കൈകളിലെ ആണിപ്പാട് ഞാൻ കാണുകയും, ആണിപ്പാടിലേക്ക് എന്റെ വിരൽ ഇടുകയും, അവന്റെ വിലാപ്പുറത്ത് എന്റെ കൈ ഇടുകയും ചെയ്തിട്ടല്ലാതെ, ഒരുവിധത്തിലും വിശ്വസിക്കുകയില്ല എന്നു പറഞ്ഞു.

2 Cor. 5:7 (കാഴ്ച്ചയാലല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്)—

Rom. 8:24 പ്രത്യാശയിലത്രേ നാം രക്ഷിക്കപ്പെട്ടത്. എന്നാൽ കാണുന്ന പ്രത്യാശ പ്രത്യാശയല്ല, താൻ കാണുന്നതിനെ ആർ പ്രത്യാശിക്കുന്നു?

Rom. 8:25 എന്നാൽ നാം കാണാത്തതിനുവേണ്ടി പ്രത്യാശിക്കുന്നു എങ്കിൽ, നാം സഹിഷ്ണുതയാൽ പ്രതീക്ഷയോടെ അതിനെ കാത്തിരിക്കുന്നു.

1 Pet. 1:8 അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

4. യേശു വിശ്വാസം തികയ്ക്കുന്നവനാണ്, വിശ്വാസത്ത പൂർത്തീകരിക്കുന്നവനും (Finisher) പൂർത്തിയാക്കുന്നവനും (Completer) ആണ്—എബ്രാ. 12:2:

Heb. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

a. വിശ്വാസത്തെ പൂർത്തിയാക്കുന്നവൻ എന്ന നിലയിൽ, കർത്താവായ യേശു, വിശ്വസിപ്പിക്കുന്ന ഘടകമായും കഴിവായും നമ്മിലേക്ക് അവിനെത്തന്നെ സന്നിവേശിപ്പിക്കുന്നു.

b. നാം അവങ്കലേക്ക് നോക്കുമ്പോൾ, നാം സ്വർഗീയ ഓട്ടം ഓടുവാനും ഭൂമിയിൽ സ്വർഗീയ ജീവിതം നയിക്കുവാനും പ്രാപ്തരാകത്തക്കവണ്ണം, അവൻ ആയിരിക്കുന്ന എല്ലാറ്റിനെക്കൊണ്ടും നമ്മെ നിവേശിപ്പിക്കുകയും സന്നിവേശിപ്പിക്കുകയും ചെയ്തുകൊണ്ട് അവൻ നമുക്ക് സ്വർഗവും, ജീവനും, ബലവും ശുശ്രൂഷിക്കുന്നു—2 കൊരി. 3:18.

2 Cor. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

c. നാം അവങ്കലേക്ക് നിരന്തരം നോക്കുമ്പോൾ, നാം സ്വർഗീയ ഓട്ടം ഓടുവാൻ ആവശ്യമായ വിശ്വാസം അവൻ പൂർത്തീകരിക്കുകയും പൂർത്തിയാക്കുകയും ചെയ്യും—എബ്രാ. 12:1-2.

Heb. 12:1 അതുകൊണ്ട് നാമും, സാക്ഷികളുടെ ഇത്ര വലിയോരു മേഘം നമുക്കു ചുറ്റും ഉള്ളതുകൊണ്ട്, സകല ഭാരവും നമ്മെ അനായാസം കുരുക്കുന്ന പാപവും നീക്കിയിട്ട് നമുക്കു മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുതയോടെ ഓടുക,

Heb. 12:2a നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, ...

E. യിസ്രായേൽമക്കളുടെ മുൻകുറിയാൽ നാം പ്രോത്സാഹിപ്പിക്കപ്പെടുകയും മുന്നറിയിപ്പ് ലഭിച്ചവരും ആയിരിക്കണം; നല്ലദേശത്തേക്കുള്ള അവരുടെ യാത്ര സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു എന്ന നമ്മുടെ നല്ലദേശത്തിലേക്കുള്ള ക്രിസ്തീയ ഓട്ടത്തെ മുൻകുറിക്കുന്നു—1 കൊരി. 10:1-13:

1 Cor. 10:1 എന്തെന്നാൽ സഹോദരന്മാരേ, നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല, നമ്മുടെ പിതാക്കന്മാർ എല്ലാം മേഘത്തിൻ കീഴിലായിരുന്നു, എല്ലാവരും സമുദ്രത്തിലൂടെ കടന്നുപോകുകയും ചെയ്തു;

1 Cor. 10:2 എല്ലാവരും മേഘത്തിലും സമുദ്രത്തിലും മോശെയിങ്കലേക്ക് സ്നാനപ്പെട്ടു;

1 Cor. 10:3 എല്ലാവരും ഒരേ ആത്മിക ആഹാരം ഭക്ഷിച്ചു,

1 Cor. 10:4 എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു.

1 Cor. 10:5 എന്നാൽ അവരിൽ മിക്കവരിലും ദൈവം പ്രസാദിച്ചില്ല, അവരെ മരുഭൂമിയിൽ ചിതറിച്ചുകളഞ്ഞു.

1 Cor. 10:6 അവർ മോഹിച്ചതു പോലെ, നാം ദുർമോഹികൾ ആകാതിരിക്കേണ്ടതിന്, ഇവയൊക്കെയും നമുക്ക് ദൃഷ്ടാന്തങ്ങളായി സംഭവിച്ചു.

1 Cor. 10:7 "ജനം ഭക്ഷിക്കുവാനും പാനം ചെയ്യുവാനും ഇരുന്നു, കളിക്കുവാൻ എഴുന്നേറ്റു," എന്ന് എഴുതിയിരിക്കുന്നതുപ്രകാരം, അവരിൽ ചിലർ ചെയ്തതുപോലെ വിഗ്രഹാരാധികൾ ആയിത്തീരരുത്.

1 Cor. 10:8 അവരിൽ ചിലർ പരസംഗം ചെയ്ത്, ഒരു ദിവസം ഇരുപത്തിമൂവായിരം പേർ വീണതുപോലെ, നാം പരസംഗം ചെയ്യരുത്.

1 Cor. 10:9 അവരിൽ ചിലർ അവനെ പരീക്ഷിച്ചിട്ട് സർപ്പങ്ങളാൽ നശിച്ചതുപോലെ, നാം ക്രിസ്തുവിനെ പരീക്ഷിക്കരുത്.

1 Cor. 10:10 അവരിൽ ചിലർ പിറുപിറുത്ത് സംഹാരകനാൽ നശിച്ചതുപോലെ, പിറുപിറുക്കരുത്.

1 Cor. 10:11 ഈ കാര്യങ്ങൾ അവർക്ക് ദൃഷ്ടാന്തമായി സംഭവിച്ചു, യുഗങ്ങളുടെ അവസാനം എത്തിച്ചേർന്നിരിക്കുന്ന നമ്മുടെ ഗുണദോഷത്തിനായി ഇവ എഴുതിയിരിക്കുന്നു.

1 Cor. 10:12 അതിനാൽ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളട്ടെ.

1 Cor. 10:13 മനുഷ്യനു പൊതുവായിട്ടുള്ളതല്ലാതെ ഒരു പരീക്ഷയും നിങ്ങൾ നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ, നിങ്ങൾക്ക് കഴിയുന്നതിനപ്പുറം പരീക്ഷിക്കപ്പെടുവാൻ അനുവദിക്കാതെ പരീക്ഷയോടൊപ്പം അതിനെ സഹിക്കുവാൻ കഴിയേണ്ടതിനു പുറത്തേക്കുള്ള വഴിയും ഉണ്ടാക്കും.

1. നാം ക്രിസ്തു മുഖാന്തരം വീണ്ടെടുക്കപ്പെടുകയും സാത്താന്റെ അടിമത്തത്തിൽനിന്ന് വിടുവിക്കപ്പെടുകയും, ദൈവവ്യവസ്ഥയുടെ വെളിപാടിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്തു.
2. ദൈവത്തിന്റെ വിളിയുടെ ലക്ഷ്യത്തിലെത്തുവാൻ, അതായത്, ഇന്നത്തെ യുഗത്തിൽ നാം അവന്റെ ആവിഷ്കാരമാകുവാനും രാജ്യയുഗത്തിൽ ക്രിസ്തുവിന്റെ പൂർണ ആസ്വാദനത്തിൽ പങ്കുചേരുവാനുമായി ക്രിസ്തു എന്ന നമ്മുടെ നല്ലദേശത്തിന്റെ അവകാശത്തിലേക്ക് പ്രവേശിക്കുവാനും, ദൈവരാജ്യത്തിനുവേണ്ടി അവന്റെ സമ്പത്ത് ആസ്വദിക്കുവാനും നാം ഇപ്പോഴും പരാജപ്പെട്ടേക്കാം—ഫിലി. 3:12-14; മത്താ. 25:21, 23.

   Phil. 3:12 നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളു.

   Phil. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

   Phil. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

Matt. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

Matt. 25:23 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

F. നമുക്കോരോരുത്തർക്കും വേണ്ടി ദൈവം നിയോഗിച്ച യാത്രയുടെ അവസാനഭാഗമാണ് യാത്രയുടെ ഏറ്റവും പ്രയാസകരമായ ഭാഗം—പ്ര.നി. മർക്കൊ. 6:45-51:

Mark. 6:45 അവൻ പുരുഷാരത്തെ പറഞ്ഞയക്കുമ്പോൾ, ഉടനെ അവൻ തന്റെ ശിഷ്യന്മാരെ പടകിലേക്കു കയറി അക്കരെ ബേത്ത്സയിദയ്ക്കു മുൻപേ പോകുവാൻ നിർബന്ധിച്ചു.

Mark. 6:46 അവരോടു യാത്ര പറഞ്ഞശേഷം, അവൻ പ്രാർഥിക്കുവാൻ മലയിലേക്കു മാറിപ്പോയി.

Mark. 6:47 സന്ധ്യയായപ്പോൾ പടകു കടലിനു മധ്യേ ആയിരുന്നു, അവനോ കരയിൽ തനിച്ചായിരുന്നു.

Mark. 6:48 കാറ്റ് അവർക്കു പ്രതികൂലമായതിനാൽ, അവർ തുഴയുമ്പോൾ വിഷമിക്കുന്നത് കണ്ടിട്ട്, അവൻ രാത്രിയുടെ ഏകദേശം നാലാം യാമത്തിൽ, കടലിന്മേൽ നടന്ന് അവരുടെ അടുക്കൽ വന്ന്, അവരെ കടന്നുപോകുവാൻ ഉദ്ദേശിച്ചു.

Mark. 6:49 എന്നാൽ അവൻ കടലിന്മേൽ നടക്കുന്നത് അവർ കണ്ടപ്പോൾ, അത് ഒരു പ്രേതം എന്നു കരുതി അവർ നിലവിളിച്ചു.

Mark. 6:50 എന്തെന്നാൽ അവർ എല്ലാവരും അവനെ കണ്ടു പരിഭ്രമിച്ചു. എന്നാൽ ഉടനെ അവൻ അവരുമായി സംസാരിച്ച്, അവരോട്, ധൈര്യമായിരിക്കുവിൻ, ഇത് ഞാനാകുന്നു. ഭയപ്പെടേണ്ട എന്നു പറഞ്ഞു.

Mark. 6:51 പിന്നെ അവൻ പടകിലേക്കു കയറി അവരുടെ അടുക്കൽ ചെന്നു, കാറ്റു നിലച്ചു. അവരോ തങ്ങളിൽത്തന്നെ അത്യധികം അമ്പരന്നു,

1. ക്രിസ്തീയ ജീവിതത്തിലെ ഒരു പ്രധാന കാര്യം കർത്താവ് നിയോഗിച്ചിട്ടുള്ള യാത്ര അന്വേഷിക്കുകയും അതിൽ വിശ്വസ്തതയോടെ നടക്കുകയും ചെയ്യുക എന്നതാണ്.
2. ശരിയായ ഗതിയിൽ ആയിരിക്കുന്നതിൽ നാം സന്തോഷിച്ചേക്കാം, എന്നാൽ എങ്ങനെ ഓടുകയും അത് അവസാനിപ്പിക്കുകയും ചെയ്യുന്നു എന്നത് ഇപ്പോഴും ഒരു ചോദ്യമാണ്.

G. ഒരു കാരണവശാലും നമ്മുടെ ദേഹിയിൽ തളർന്നു പോകരുത് (എബ്രാ. 12:3); മറിച്ച്, ഓട്ടം അവസാനം വരെ ഓടുന്നവരായിരിക്കണം നാം:

Heb. 12:3 നിങ്ങളുടെ ദേഹിയിൽ തളർന്ന്, മടുത്തുപോകാതിരിക്കേണ്ടതിന്, തനിക്കുനേരെ പാപികളാൽ ഇങ്ങനെയുള്ള വൈരുദ്ധ്യം സഹിച്ചവനെ

തുലനം ചെയ്യുക.

1. തളർന്നുപോകുന്നത് ദേഹിയിൽ ബലമില്ലാതിരിക്കുന്നതാണ്; സകലവും വ്യർഥമാണെന്നു തോന്നാം.
2. വീഴുകയും വീണ്ടും എഴുന്നേൽക്കുകയും ചെയ്യുന്നവനാണ് ഏറ്റവും നല്ല ഓട്ടക്കാരൻ: "എന്റെ ശത്രുവായവളേ, എന്നെച്ചൊല്ലി സന്തോഷിക്കരുത്; വീണു എങ്കിലും ഞാൻ വീണ്ടും എഴുന്നേൽക്കും; ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്ക് വെളിച്ചം ആയിരിക്കുന്നു"—മീഖാ 7:8.
3. നാം വിട്ടുകളയുകയോ, ക്ഷീണിച്ചുപോകുകയോ, നമ്മുടെ ദേഹിയിൽ തളർന്നുപോകുകയോ ചെയ്യാതെ യേശുവിങ്കലേക്ക് നോക്കുകയും നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം ഓടുകയും വേണം—എബ്രാ. 12:2.

Heb. 12:2a നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, ...